ഉത്തരം

(എ) മാവൂർ ഗ്വാളിയർ റയോൺസ് പബ്ലിക് ആൻറ് ഫൈബർ ഡിവിഷനിലെ നാലായിരത്തോളം തൊഴിലാളികൾ 7–7–1985 മുതൽ സമരത്തിലാണ്. പ്രസ്തുത സമരം മൂലം ടി ഫാക്ടറി അന്നുമുതൽ പ്രവർത്തിക്കുന്നില്ല.

(ബി) ദീർഘകാല കരാർ ഒപ്പു വെയ്ക്കാനുള്ള കാലതാമസം 1982–83, 1983–84 എന്നീ വർഷങ്ങളിലെ ബോണസ് പ്രശ്നം ഒത്തുതീർപ്പിലെത്താതിരിക്കുക തുടങ്ങിയ കാരണങ്ങളാലാണ് തൊഴിലാളികൾ സമരം ചെയ്യുന്നത്.

(സി) പ്രസ്തുത ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രശ്നം ഒത്തുതീർപ്പിലെത്തിയ്ക്കാൻ ലേബർ കമ്മീഷണർ പല അനുരജ്ഞന സമ്മേളനങ്ങൾ നടത്തി. അടുത്ത കോൺഫറൻസ് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്താൻ ഉദ്ദേശിക്കുന്നു.

മിനിമം വേജസ് കമ്മിറ്റി ഫോർ സിനിമ ഇൻഡസ്ട്രി

98 [300] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമം വേജസ് കമ്മിറ്റി ഫോർ സിനിമ ഇൻഡസ്ട്രി എന്ന പേരിൽ സിനിമാ തൊഴിലാളികളുടെ വേതനം പുതുക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് കമ്മിറ്റി പ്രവർത്തനം ആരംഭിച്ചത്;

(സി) ഏതെല്ലാം പ്രതിനിധികളാണ് കമ്മിറ്റിയിൽ ഉൾപ്പെട്ടിട്ടുള്ളത്;

(ഡി) കമ്മിറ്റിയുടെ പ്രവർത്തനത്തിനാവശ്യമായ കെട്ടിടവും സ്റ്റാഫും, ഫണ്ടും നൽകിയിട്ടില്ലെന്നറിയുന്നത് ശരിയാണോ;

(ഇ) എങ്കിൽ അതിനു കാരണം എന്താണ്;

(എഫ്) കമ്മിറ്റിയുടെ പ്രവർത്തനത്തിനാവശ്യമായ സാഹചര്യമുണ്ടാകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 3–8–1985–ൽ കമ്മിറ്റിയുടെ ആദ്യ മീറ്റിംഗ് കൂടിയതായി അറിയുന്നു.

(സി) തൊഴിലാളി പ്രതിനിധികൾ, ഉടമാ പ്രതിനിധികൾ, സ്വതന്ത്ര അംഗങ്ങൾ എന്നിവരാണ് കമ്മിറ്റിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

(ഡി) ശരിയാണ്.

(ഇ) കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തതിനു ശേഷം കമ്മിറ്റിയ്ക്ക് ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. കമ്മിറ്റി ആവശ്യപ്പെടുന്നതനുസരിച്ചാണ് ഫണ്ട്, കെട്ടിടം എന്നിവയ്ക്കുള്ള നടപടി സ്വീകരിക്കാറുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

പാപ്പിനിശ്ശേരി–ഇരിണാവ് കയർ വ്യവസായ കോ.ഓപ്പറേറ്റീവ് സൊസൈറ്റി

99 [301] ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ.യുടെ പരിധിയിൽനിന്നും തങ്ങളെ താല്ക്കാലികമായി ഒഴിവാക്കിത്തരണമെന്നാവശ്യപ്പെട്ടുകൊണ്ട് കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി–ഇരിണാവ് കയർ വ്യവസായ കോ. ഓപ്പറേറ്റീവ് സൊസൈറ്റി അധികൃതർ 1985 ജൂലൈ മാസം അവസാനം തൊഴിൽ വകുപ്പിൽ നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിന് കാലവിളംബം കൂടാതെ അനുകൂല നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ കാര്യം ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

കണ്ണപുരം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

100 [302] ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

തങ്ങളെ ഇ.എസ്.ഐ. യുടെ പരിധിയിൽനിന്നും താത്ക്കാലികമായി ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കണ്ണൂർ ജില്ലയിലെ കണ്ണപുരം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കുവേണ്ടി പ്രസിഡണ്ട് 30–7–1985 ന് തൊഴിൽ വകുപ്പിന് നൽകിയ അപേക്ഷയിൻമേൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

29–7–1985 ന് കണ്ണപുരം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രസിഡണ്ട് നൽകിയ അപേക്ഷ തൊഴിൽ വകുപ്പിൽ കിട്ടിയിട്ടുണ്ട്. അടുത്തു കൂടുന്ന ഇ.എസ്.ഐ. യുടെ റീജിയണൽ ബോർഡു മീറ്റിംഗിൽ പരിഗണിക്കുവാൻ തൃശൂർ റീജിയണൽ ഡയറക്ടർക്ക് വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ്

101 [303] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനം എത്രത്തോളമായി?

LIBRARY ARCHIVES Kerala Legislative Assembly